മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

# ന്യൂസ് ലെറ്റർ

ജനുവരി 2008





- സർവ്വകലാശാല രജതജൂബിലിയിലേക്ക്
- അടൂർ ഗോപാലകൃഷ്ണന് ഡി-ലിറ്റ്
- പുസ്തകങ്ങൾ ഗ്രാമീണ വായനശാലകൾക്ക്
- വിവരാവകാശനിയമം ഏകദിന ശില്പശാല
- ആഗോളീകരണ കാലത്തെ സാഹിത്യം
- അന്താരാഷ്ട്ര ചലച്ചിത്രമേള
- കലാലയവാർത്തകൾ

# അലക്സാൻഡ്രിയ ലൈബ്രറി: ആധുനിക സർവകലാശാലകളുടെ അടിത്തറ

അലക്സാണ്ടർ ചക്രവർത്തി മെഡിറ്ററേനിയൻ സമുദ്രതീരത്തു നിർമ്മിച്ച പ്രാചീനനഗരമാണ് അലക്സാൻഡ്രിയ. ഫറവോൻ വംശത്തിന്റെ തലസ്ഥാനമായിത്തീർന്ന ഈ നഗരത്തിലാണ് ബിസി 283-ൽ ടോളമി ഒരു രാജകീയ ഗ്രന്ഥാലയം സ്ഥാപിച്ചത്.

ലോകചരിത്രത്തിലെ ഈ ആദ്യ ഗ്രന്ഥാലയം ഒരു ഗവേഷണസ്ഥാപനവും അതേസമയം മ്യൂസിയവും കൂടിയായിരുന്നു. എഴുതപ്പെട്ട വിജ്ഞാനം ശേഖരിക്കുക മാത്രമല്ല അക്കാലത്തെ പണ്ഡിതരെയും ചിന്തകരെയും അവിടേക്ക് സ്വാഗതം ചെയ്യുക എന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നു ഈ ലൈബ്രറിക്ക്.


ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ട സകലകൃതികൾക്കും പുറമേ മറ്റു ഭാഷകളിലുണ്ടായ പുസ്തകങ്ങളുടെ പരിഭാഷയും തുടക്കംമുതലേ ഇവിടെ ശേഖരിക്കപ്പെട്ടിരുന്നു. അലക്സാൻഡ്രിയ തുറമുഖം വഴി അക്കാലത്തു കടന്നുപോയിരുന്ന കപ്പലുകളിൽ ലൈബ്രറിക്ക് താത്പര്യമുള്ള ഏതെങ്കിലും രേഖകൾ ഉണ്ടായിരുന്നെങ്കിൽ അവയുടെ പകർപ്പ് എടുക്കാനുള്ള സംവിധാനവും അന്ന് ചക്രവർത്തി ഏർപ്പെടുത്തിയിരുന്നു. ബി.സി. ആദ്യ പകുതി ആയപ്പോഴേക്ക്, ഈ ലൈബ്രറിയിൽ ഏതാണ്ട് 5,32,800 കൈയെഴുത്തുപ്രതി നൂതനരീതികളുപയോഗിച്ച് ക്രമീകരിച്ചു സംരക്ഷിക്കപ്പെട്ടു.

ഗ്രന്ഥശേഖരം കൂടാതെ അലക്സാൻഡ്രിയ ലൈബ്രറിയിൽ പണ്ഡിതർക്കും കവികൾക്കുമുള്ള വാസസ്ഥലങ്ങളും പൂന്തോട്ടവും മൃഗശാലയും പ്രഭാഷണങ്ങൾ നടത്താനുള്ള വേദികളും ഉണ്ടായിരുന്നു. ഈ സമയത്ത് അസ്സിറിയ, ഗ്രീസ്, പേർഷ്യ, ഈജിപ്ത്, ഇന്ത്യ തുടങ്ങി അനേകം രാജ്യങ്ങളിൽനിന്നുള്ള ദശലക്ഷത്തിലേറെ രേഖകൾ ഈ ലൈബ്രറിയിൽ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു. പഠനത്തിനും ഗവേഷണത്തിനും പ്രഭാഷണത്തിനും പരിഭാഷാ പ്രവർത്തനങ്ങൾക്കും മറ്റുമായി നൂറിലേറെ പണ്ഡിതർ ഒരേസമയം ഇവിടെ താമസിച്ചിരുന്നു. ഈ ലൈബ്രറിയുടെ ബാഹുല്യം കാരണം ഡെറാപിസ് ദേവാലയത്തിനോടു ചേർന്ന് ഒരു ശാഖകൂടി ഉണ്ടാക്കേണ്ടിവന്നിട്ടുണ്ട്.

ഇവിടുത്തെ ആദ്യകാല ലൈബ്രേറിയനായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് എഫ്യുസിലെ സെനഡോട്ടസ് ആണ്. ലൈബ്രറിയിലെ 1,20,000 ചുരുളുകൾ ആദ്യമായി വിഷയസൂചിക നല്കി ക്രമീകരിച്ച സൈറിനിലെ കാല്ലിമാക്കസ് ആണ് ഒരുപക്ഷേ, അലക്സാൻഡ്രിയയിലെ ഏറ്റവും പ്രശസ്തനായ ലൈബ്രേറിയൻ. ഇന്റർനെറ്റിൽ നാം ഇക്കാലത്തു കാണുന്ന വിഷയസൂചികകളോടു കിടപിടിക്കത്തക്ക ഒന്നായിരുന്നു ഇത്.

കല്ലിമാക്കസിന്റെ പിൻഗാമിയായിരുന്നു *അർഗോനാട്ടിക്ക* എന്ന കാവ്യത്തിന്റെ രചയിതാവായ റോഡസിലെ അപ്പോളോണ്ടിയസ്. പിന്നീടാണ് ഗണിതശാസ്ത്രജ്ഞനും ഭൂമിശാസ്ത്രജ്ഞനുമായിരുന്ന ഇറസ്തൊസ്തസീസ് ലൈബ്രേറിയനായത്. അതിനുശേഷം ഹോമർപണ്ഡിതനായ അരിസ്റ്റോഫേൻസ് വന്നു. പിന്നീട് ലൈബ്രേറിയനായ സമോത്രേസ്, ടോളമി ചക്രവർത്തിമാരുടെ യുദ്ധകാലത്ത് ലൈബ്രറിയിൽനിന്ന് പുറത്താക്കപ്പെട്ടു. പിന്നീട് നൂറ്റാണ്ടുകളോളം ലൈബ്രറി നിലനിന്നെങ്കിലും ലൈബ്രേറിയന്മാരുടെ പേരുകൾ സ്വതവേ അലക്സാൻഡ്രിയൻ എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

വിജ്ഞാനത്തെ അരിസ്റ്റോട്ടിൽ വിഭജിച്ചതിന്റെ അടിസ്ഥാനത്തിലാണ് അലക്സാൻഡ്രിയ ലൈബ്രറിയിലെ ഗ്രന്ഥങ്ങളുടെ വർഗീകരണം നടത്തിയിരുന്നത്. പണ്ഡിതരുടെ പ്രവർത്തനങ്ങൾക്ക് ഊർജരക്തം നല്കിയ ഹൃദയമായിരുന്നു ലൈബ്രറി. വിവിധ വിജ്ഞാനശാലകളിൽ പ്രാഗല്ഭ്യം നേടിയവരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു ലൈബ്രേറിയനും മറ്റു ജീവനക്കാരും.



അലക്സാൻഡ്രിയ ലൈബ്രറിയുടെ പതനത്തെക്കുറിച്ച് പല കഥകളും നൂറ്റാണ്ടുകളായി പ്രചരിക്കപ്പെട്ടിട്ടുണ്ട്. ഒരു കഥയിൽ ജൂലിയസ് സീസറാണ് കുറ്റവാളി. അക്രമരാഷ്ട്രീയത്തിന് കുപ്രസിദ്ധമായിരുന്നു അക്കാലത്ത് അലക്സാൻഡ്രിയ. ക്രിസ്ത്യാനികളും ജൂതരും പഗാന്മാരും ഒന്നിച്ചാണ് നഗരത്തിൽ ജീവിച്ചിരുന്നത്. എ.ഡി. 412-ൽ ഒരു കലാപം പൊട്ടിപ്പുറപ്പെട്ടു. ഇതു പിന്നീട് ഒരു സാമുദായികലഹളയായി. അന്നത്തെ ലൈബ്രേറിയൻ തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനുമായ ഹെപാത്തിയ ആയിരുന്നു. അക്കാദമിക് രംഗത്തും രാഷ്ട്രീയത്തിലും ഹെപാത്തിയയ്ക്കുണ്ടായിരുന്ന സ്വാധീനം ലൈബ്രേറിയനോടും ലൈബ്രറിയോടും കടുത്ത വിരോധമുണ്ടാകാൻ കാരണമായി. കലാപത്തിൽനിന്ന് ലൈബ്രറിയെ രക്ഷിക്കാൻ കുറെ പടയാളികളോടൊപ്പം എത്തിയ ഹെപാതിയയെ ആക്രമാസക്തരായ ജനക്കൂട്ടം പിടിച്ചിറക്കി ഗ്രന്ഥശേഖരം ഉപയോഗിച്ച് ചുട്ടുകൊന്നു.

പക്ഷേ, അലക്സാൻഡ്രിയ ലൈബ്രറി എങ്ങനെയാണ് തീവെച്ചു നശി

പ്പിക്കപ്പെട്ടതെന്നു കൃത്യമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ക്ലിയോപാട്രയ്ക്കുവേണ്ടി മാർക്ക് ആന്റണി 2,00,000-ലധികം ചുരുളുകൾ ലൈബ്രറിയിൽ കൊടുത്തിരുന്നുവെന്നും ജൂലിയസ് സീസർ അതൊക്കെ തീവച്ചു നശിപ്പിച്ചെന്നും കഥകളുണ്ട്.

ലൈബ്രറി നശിച്ചത് ഏതുകാരണംകൊണ്ടാണെങ്കിലും മദ്ധ്യകാല മൊണാസ്ട്രികൾക്കും ആധുനിക സർവകലാശാലകൾക്കും ഒരു മാതൃകയായിരുന്നു അത്. നൂറ്റാണ്ടുകൾ കൊണ്ടു നഷ്ടപ്പെട്ട വിജ്ഞാനശേഖരത്തെക്കുറിച്ച് പണ്ഡിതർ വിലപിക്കാറുണ്ടെങ്കിലും ഗണിതശാസ്ത്രത്തിൽ അലക്സാൻഡ്രിയ നടത്തിയ കണ്ടുപിടിത്തങ്ങൾ ആധുനികഗവേഷകർക്ക് ഈ വിഷയങ്ങളിൽ അടിസ്ഥാനരേഖകളായി പ്രയോജനം ചെയ്യുന്നുണ്ട്.

യുനെസ്കോയുടെ സഹായത്തോടെ ഈജിപ്ത് ഗവൺമെന്റ് അലക്സാൻഡ്രിയ ലൈബ്രറിയുടെ പുനർനിർമ്മാണത്തിനു ശ്രമിക്കുന്നുണ്ട്. വീണ്ടും ഈ ലൈബ്രറി ലോകജനതയുടെയും സംസ്കാരത്തിന്റെയും വിചാരധാരകളുടെയും വിജ്ഞാനകേന്ദ്രമായിത്തീരുമെന്ന് നമുക്കു പ്രതീക്ഷിക്കാം. പുതിയ അലക്സാൻഡ്രിയ ലൈബ്രറിയുടെ ഡിജിറ്റൽ വിഭാഗങ്ങളിലേക്ക് നമ്മുടെ ഗ്രന്ഥാലയ വെബ്സൈറ്റിലൂടെ എത്താനാകും.

സമാഹരണം
**ആർ. രാമൻ നായർ,**
**ലൈബ്രേറിയൻ**

# സ്വാതന്ത്ര്യത്തിന്റെ അറുപതാം പിറന്നാളിൽ പുസ്തക-ചലച്ചിത്ര പ്രദർശനം

സ്വാതന്ത്ര്യലബ്ധിയുടെ 60ാം പിറന്നാൾ ആഘോഷങ്ങളുടെ ഭാഗമായി സർവകലാശാലാ പബ്ലിക് റിലേഷൻസ് വകുപ്പും ഭാരതസർക്കാരും സംയുക്തമായി സർവകലാശാലാ ലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തക-ചലച്ചിത്ര പ്രദർശനങ്ങൾ വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസ് ഉദ്ഘാടനം ചെയ്തു. ഗാന്ധിജി, നെഹ്റു, ഭഗത്സിംഗ്, ഉപ്പുസത്യഗ്രഹം തുടങ്ങി ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട അനവധി സംഭവങ്ങളുടെ ചിത്രങ്ങൾ പ്രദർശനത്തിന്റെ പ്രത്യേകതയായി. ഗാന്ധിജി എഴുതിയതും അദ്ദേഹത്തെപ്പറ്റിയുള്ളതുമായ ഒരു ലക്ഷത്തിലധികം അച്ചടിച്ച പേജുകളും ഡിജിറ്റൽ പേജുകളും വീഡിയോയും പ്രദർശനത്തിലുണ്ടായിരുന്നു.

## സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസ്
# ഇക്കോടൂറിസം കോഴ്സ് നെടുങ്കണ്ടത്ത്

സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസിന്റെ കീഴിൽ നെടുങ്കണ്ടത്ത് ഹൈറേഞ്ച് എൻവയൺമെന്റൽ റിസർച്ച് സെന്ററിൽ ഇക്കോടൂറിസം കോഴ്സ് ആരംഭിച്ചു. സെന്ററിലെ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ നെടുങ്കണ്ടത്ത് ആരംഭിച്ച നഴ്സിങ് കോളജിനായി സ്പോൺസറിങ് കമ്മിറ്റി വാങ്ങിയ സ്ഥലത്തിന്റെ രേഖകൾ കെ. ജയചന്ദ്രൻ എംഎൽഎ രജിസ്ട്രാർ എം.ആർ. ഉണ്ണിക്കു കൈമാറി. പഞ്ചായത്തു പ്രസിഡന്റ് എം. സുകുമാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസ് ഡയറക്ടർ ഡോ. ഏ.പി. തോമസ്, ബ്ലോക്ക് പഞ്ചായത്തംഗം ജോസ് പൊട്ടംപ്ലാക്കൽ, ഗ്രാമപഞ്ചായത്തംഗം സ്വാമിനാഥൻ, നഴ്സിങ് കോളജുകളുടെ കോ-ഓർഡിനേറ്റർ സിസ്റ്റർ സൂസിയാ, ജോണിക്കുട്ടി ജെ. ഒഴുകയിൽ, പി.എൻ. വിജയൻ, എം.ജെ. ഫ്രാൻസിസ് തുടങ്ങിയവർ പ്രസംഗിച്ചു.

## അറിയിപ്പുകൾ

### ഗവേഷണ ഫെലോഷിപ്പ്

സർവകലാശാലയിൽ ഗവേഷണത്തിനുള്ള ഫെലോഷിപ്പ് വർദ്ധിപ്പിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ജെആർഎഫ് തുക ആദ്യത്തെ രണ്ടു വർഷം 3,000 രൂപയിൽനിന്ന് 4,500 രൂപയായും പിന്നീടുള്ള ഒന്നരവർഷം 3,500 രൂപയിൽനിന്നും 5,000 രൂപയായും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് 6,000 രൂപയിൽനിന്ന് 8,000 ആയും വർദ്ധിപ്പിക്കാനാണ് തീരുമാനം.

### സുസ്ഥിരകൃഷി: അന്താരാഷ്ട്ര സമ്മേളനം കോട്ടയത്ത്

സുസ്ഥിരവും പ്രകൃതിക്കിണങ്ങുന്നതുമായ കൃഷിയെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനം 2008 ഫെബ്രുവരി 7, 8 തീയതികളിൽ കോട്ടയം സി.എം.എസ്. കോളജിൽ നടക്കും. www.cmscollege.ac.in എന്ന വെബ്സൈറ്റിൽനിന്ന് കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്.

### സർവകലാശാലാ ലൈബ്രറി
## പരിസ്ഥിതി പ്രഭാഷണം

സർവകലാശാലാ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി *ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകൾ* എന്ന വിഷയത്തിൽ ഡോ. ഏ.വി. ജോർജിന്റെ പ്രഭാഷണം നടന്നു. മുല്ലപ്പെരിയാർ അണക്കെട്ടിനെപ്പറ്റിയുള്ള ചലച്ചിത്രവും ചർച്ചയും പരിസ്ഥിതി ഗ്രന്ഥങ്ങളുടെ ഒരാഴ്ച നീണ്ട പ്രദർശനവും സംഘടിപ്പിക്കപ്പെട്ടു. കുറോസോവയുടെ *ദി വില്ലേജ് ഓഫ് ദ വാട്ടർ മിൽസ്* എന്ന സിനിമയും പ്രദർശിപ്പിച്ചു.